ലഭിക്കുന്നതിനായി സമർപ്പിച്ച എസ്റ്റിമേറ്റിന്റെ വിശദാംശം ലഭ്യമാക്കാമോ; സെക്രട്ടേറിയറ്റിൽ ഇതുമായി ബന്ധപ്പെട്ട ഫയൽ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) അകലാപ്പുഴ പാലവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത പാലത്തിന് ഭരണാനുമതി ലഭ്യമാവുന്നതിന് ഇനി എന്തെല്ലാം നടപടികൾ ഏതെല്ലാം തലത്തിൽ സ്വീകരിക്കണമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടി മണ്ഡലത്തിലെ ഉള്ളൂർക്കടവ് പാലം പദ്ധതിക്കു വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. കോഴിക്കോട് ജില്ലാ കളക്ടർ നിർദ്ദേശിച്ച പ്രകാരം സ്റ്റേറ്റ് ലെവൽ എംപവർ കമ്മിറ്റി നൽകിയ വിലയ്ക്ക് പൊന്നുംവില നടപടികൾ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി & സി) ഉള്ളൂർക്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി 1120 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്, ഭരണാനുമതി ലഭ്യമാക്കുന്നതിന് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ 28-5-2016-ൽ സർക്കാരിൽ ലഭ്യമാക്കിയത് ഡി1/47/2016/പൊ.മ.വ. നമ്പർ ഫയൽ സെക്രട്ടേറിയറ്റിൽ പരിശോധിച്ചുവരുന്നു.

(ഡി) അകലാപ്പുഴ പാലത്തിന്റെ നിർമ്മാണത്തിനായി പ്രൊപ്പോസൽ ഡ്രോയിംഗിന്റെ ഫീസിബിലിറ്റി റിപ്പോർട്ട് ഡിസൈൻ വിഭാഗം പരിശോധിച്ചുവരുന്നു. ഡിസൈൻ പൂർത്തിയായതിനുശേഷം ഭരണാനുമതി ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**നെടുമങ്ങാട് മണ്ഡലത്തിലെ മരാമത്ത് പണികൾ**

72(760) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെടുമങ്ങാട് മണ്ഡലത്തിൽ 500 കോടി രൂപയുടെ മരാമത്ത് പണികൾ നടന്നതായി പറയപ്പെടുന്നതിന്റെ നിജസ്ഥിതിയെക്കുറിച്ചുള്ള അന്വേഷണം ആവശ്യപ്പെടുന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ, എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

ലഭിച്ചിരുന്നു. ബന്ധപ്പെട്ടഅധികാരികൾക്ക് റിപ്പോർട്ടിനായി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly